Draft #1 of File 30246/AD A1/2/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 13-Aug-2019 02:31 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - സർവ്വകലാശാല വെബ്സൈറ്റ് - വിശകലനം ചെയ്യുന്നതിനും നവീകരിക്കുന്നതിനുമായി രൂപീകരിച്ച കമ്മിറ്റി പുന:സംഘടിപ്പിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 3916/AD A 1/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 13.08.2019

---

പരാമർശം:-1. സർവ്വകലാശാല ഉത്തരവ് നം. 7593/02/2018/ഭരണം. തീയതി 26.10.2018

2. സർവ്വകലാശാല ഉത്തരവ് നം. 665/AD A 1/2019/എം.ജി.യു. തീയതി 20.02.2019

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൻറെ സുഗമമായ പ്രവർത്തനം, മേൽനോട്ടം, സർവ്വകലാശാല വെബ്സൈറ്റിൻറെ ഉള്ളടക്കം രണ്ടാഴ്ചയിലൊരിക്കൽ വിശകലനം ചെയ്യുക, ആവശ്യാനുസരണം നവീകരിക്കുക എന്നീ കാര്യങ്ങൾക്കായി പരാർശം (1), (2) എന്നിവ പ്രകാരം സർവ്വകലാശാലാ സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു.

എന്നാൽ, നോഡൽ ഓഫീസർ, സമിതിയുടെ കൺവീനർ എന്നീ തസ്തികകളിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥർ സർവ്വകലാശാല സർവ്വീസിൽ നിന്നും വിരമിക്കുകയോ, സ്ഥാനക്കയറ്റം നേടുകയോ, സ്ഥലംമാറ്റപ്പെടുകയോ ചെയ്തിട്ടുണ്ട് എന്നത് പരിഗണിച്ച് ഈ സമിതിയുടെ യോഗം യഥാസമയം ചേരുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ, സർവ്വകലാശാലയുടെ വെബ്സൈറ്റ് അവലോകന സമിതിയുടെ സുഗമമായ നടത്തിപ്പിനായി, അസിസ്റ്റൻറ് രജിസ്ട്രാർ V (ഭരണം)-നെ നോഡൽ ഓഫീസറായും, സെക്ഷൻ ഓഫീസർ, കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ-നെ കൺവീനറായും നിയമിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു. സമിതിയിലെ മറ്റ് അംഗങ്ങൾ മാറ്റമില്ലാതെ തുടരുന്നതാണ്.

പരാമർശം (1), (2) സർവ്വകലാശാല ഉത്തരവുകൾ ഇതിൻപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലർ/പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിൻറ് രജിസ്ട്രാർ /ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം )
5. പി. ആർ. ഒ / കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ /സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് / റെക്കോർഡ്സ് / ഐ.ക്യൂ.എ.സി./CITAD/CETEX
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ